നർക്കിലക്കാട് കുടുംബാരോഗ്യകേന്ദ്രത്തിൽ പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പൊതുജനാരോഗ്യ വിഭാഗത്തിന്റെയും നവീകരിച്ച ലബോറട്ടറിയുടെയും ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മോഹനൻ നിർവഹിക്കുന്നു.

നർക്കിലക്കാട് കുടുംബാരോഗ്യകേന്ദ്രത്തിൽ പുതിയ കെട്ടിടവും ലാബും തുറന്നു

നർക്കിലക്കാട്: കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനമാരംഭിച്ച പൊതുജനാരോഗ്യ വിഭാഗത്തിന്റെയും നവീകരിച്ച ലബോറട്ടറിയുടെയും ഉദ്ഘാടനം വെസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മോഹനൻ നിർവഹിച്ചു. വൈസ് പ്രസിഡന്റ് പി.സി. ഇസ്മയിൽ അധ്യക്ഷനായി.

ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർമാൻ കെ.കെ. തങ്കച്ചൻ, വാർഡ് മെംബർ ബിന്ദു മുരളീധരൻ, മെഡിക്കൽ ഓഫീസർ ഡോ. അലോക് ബി. രാജ്, ആശുപത്രി വികസനസമിതി അംഗങ്ങളായ സ്കറിയ ഏബ്രഹാം, പി.ടി. ജോസഫ്, പി.കെ. മോഹനൻ, കെ. ജനാർദ്ദനൻ, എൻ.പി. അബ്ദുൾ റഹ്മാൻ, ഹെൽത്ത് ഇൻസ്പെക്ടർ സജി പി. ജോസഫ് എന്നിവർ പ്രസംഗിച്ചു.

ഇടിമിന്നലിൽ വൈദ്യുതോപകരണങ്ങൾ നശിച്ചു

കാഞ്ഞങ്ങാട്: ഞായറാഴ്ച വൈകുന്നേരമുണ്ടായ ശക്തമായ ഇടിമിന്നലിൽ ഐങ്ങോത്ത് പെട്രോൾ പമ്പിനു സമീപത്തെ എൻജിനിയർ വിജയന്റെ വീട്ടിലെ വൈദ്യുതോപകരണങ്ങൾ നശിച്ചു. ഓട്ടോമേഷൻ സ്വിച്ച് ബോർഡ്, ഹൈബ്രിഡ് സോളാർ യുപിഎസ്, അഞ്ച് സീലിംഗ് ഫാനുകൾ, മൾട്ടിമീഡിയ പ്ലെയർ, എൽഇഡി പാനൽ ലൈറ്റുകൾ, എൽഇഡി ബൾബുകൾ എന്നിവയ്ക്കെല്ലാം കേടുപാടുകൾ സംഭവിച്ചു. ലക്ഷങ്ങളുടെ നഷ്ടം കണക്കാക്കുന്നു.

വാഴക്കർഷകരോട് ഇങ്ങനെ ചെയ്യല്ലേ...

വെള്ളംകയറി നശിച്ചത് ഒന്നരലക്ഷത്തോളം വാഴത്തൈകൾ

കാഞ്ഞങ്ങാട്: പ്രകൃതിയും മനുഷ്യരും വന്യജീവികളും നടത്തുന്ന പരീക്ഷണങ്ങൾക്കിടയിൽ തളർന്നുപോവുമ്പോഴും എല്ലാം ശരിയാകുമെന്ന പ്രതീക്ഷയോടെ ഓരോ വർഷവും കൃഷിയിറക്കുന്നവരാണ് കാഞ്ഞങ്ങാട് അരയി പ്രദേശത്തെയും മടിക്കൈയിലെയും വാഴകൃഷിക്കാർ. കഴിഞ്ഞ ഏതാനും വർഷമായി വിളവെടുക്കാറാകുമ്പോൾ ഏതെങ്കിലും തരത്തിൽ അവരുടെമേൽ വന്നു വീഴുന്ന ഇരുട്ടടി ഇത്തവണ ഒന്നുകൂടി നേരത്തേയായി. നേന്ത്രവാഴക്കന്നുകൾ രണ്ടുമാസം വളർച്ചയെത്തി നില്ക്കുമ്പോൾ പുഴവെള്ളം കയറി നല്ലൊരു ഭാഗവും മുങ്ങിത്താഴ്ന്ന നിലയിലാണ്. കാഞ്ഞങ്ങാട് നഗരസഭയുടെ കിഴക്കൻ പ്രദേശങ്ങളായ അരയി, കാർത്തികവയൽ തുടങ്ങി പനങ്കാവ് വരെയുള്ള ഏക്കറു കണക്കിന് കൃഷിയിടങ്ങളിലെ ഒന്നരലക്ഷത്തോളം വാഴത്തൈകളാണ് വെള്ളംകയറി നശിച്ചത്.

മഴക്കാലം ഏതാണ്ട് പിന്മാറി ചൂടും മഞ്ഞുമുള്ള കാലാവസ്ഥയിലേക്ക് കടക്കുമ്പോൾ ഇതുവരെയുണ്ടാകാത്തവിധം പുഴ നിറഞ്ഞു കവിയാനിടയായതിനു കാരണം, രണ്ടിടങ്ങളിൽ പാലങ്ങൾ നിർമിക്കാനായി പുഴയിൽ മണ്ണിട്ട് ഒഴുക്ക് തടഞ്ഞതാണ്. ദേശീയപാതാ വികസനത്തോടനുബന്ധിച്ച് പുതിയ പാലം നിർമിക്കാനായി നിലവിലുള്ള പാലത്തിന് സമീപവും അവിടെനിന്ന് അല്പം കിഴക്കുമാറി നീലേശ്വരം നഗരത്തിലേക്ക് പുതിയ വഴി തുറക്കാനായി കച്ചേരിക്കടവിലും പുതിയ പാലങ്ങളുടെ പണി നടക്കുകയാണ്. മഴ മാറിക്കിട്ടിയ ഉടൻതന്നെ പണി വീണ്ടും തുടങ്ങാനായി പുഴയിൽ മണ്ണിട്ടുനികത്തിയതാണ്. ഇതോടെയാണ് കിഴക്കുഭാഗത്ത് 10 കിലോമീറ്ററോളം ദൂരത്തിൽ പുഴയിലെ വെള്ളമത്രയും കയറി വാഴത്തോട്ടങ്ങൾ വെള്ളത്തിനടിയിലായത്.

ഒന്നുരണ്ട് മാസം കൂടി കാത്തുനിന്നിരുന്നെങ്കിൽ വേനൽക്കാലം തുടങ്ങി പുഴയിലെ ജലനിരപ്പ് കുറച്ചുകൂടി താഴുമായിരുന്നു. അപ്പോൾ പാലംപണിക്ക് ബണ്ട് കെട്ടാൻ ഇത്രയും മണ്ണ് വേണ്ടിവരില്ലായിരുന്നു. അവശേഷിച്ച പുഴവെള്ളം വേനലിൽ വരണ്ടുണങ്ങുന്ന വാഴത്തോട്ടങ്ങളിലേക്ക് ഒഴുകിയിരുന്നെങ്കിൽ കർഷകർക്കും ആശ്വാസമാകുമായിരുന്നു. പക്ഷേ അതൊന്നും ചിന്തിക്കാൻ പോലും ബന്ധപ്പെട്ടവർക്ക് നേരമില്ലായിരുന്നു എന്നുവേണം കരുതാൻ.

മഴക്കാലം കഴിഞ്ഞ് കാടുവന്ന് മൂടിയ കൃഷിയിടങ്ങൾ വൃത്തിയാക്കി കിളച്ചുമറിച്ചാണ് വാഴവിത്തുകൾ നടുന്നത്. ഒരു വാഴക്കന്നിന് 20 രൂപയാണ് വില. ഇതുവരെയുള്ള കൂലിച്ചെലവും വളവുമെല്ലാം കൂടി ഒരു കന്നിന് നൂറു രൂപയെങ്കിലും ഇതുവരെ ചെലവാക്കിയിട്ടുണ്ട്. മിക്കവരും വാഴക്കന്നുകൾ ക്കിടയിൽ കിളച്ചു വൃത്തിയാക്കിയിട്ട സ്ഥലത്ത് ചീരയം പയറുമെല്ലാം വളർത്തിയിരുന്നു. ഇതെല്ലാം ഇപ്പോൾ വെള്ളംകയറി നശിച്ചു.

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ മഴക്കാലത്ത് വാഴത്തോട്ടങ്ങൾ വെള്ളംകയറി നശിച്ച അനുഭവമുള്ളതിനാൽ അതിനു മുമ്പേ വിളവെടുക്കാവുന്ന രീതിയിൽ ഓണക്കാലത്താണ് ഇത്തവണ വാഴവിത്തുകൾ നട്ടത്. കാലാവസ്ഥയുടെ വലിയ പരീക്ഷണങ്ങളൊന്നും നേരിടേണ്ടി വരാത്തതിനാൽ രണ്ടുമാസംകൊണ്ട് വാഴത്തൈകൾ നല്ല വളർച്ചയെത്തുകയും ചെയ്തിരുന്നു. ഇപ്പോൾ വയലിന്റെ പല ഭാഗങ്ങളിലേക്കും കർഷകർക്ക് പോകാൻ പോലും കഴിയാത്തവിധത്തിൽ വെള്ളത്തിനടിയിലായിരിക്കുകയാണ്. ഇതുവരെയുള്ള കൃഷി ച്ചെലവുകൾ വച്ചുമാത്രം ഒന്നര ക്കോടിയോളം രൂപയുടെ നഷ്ടമാണ് ഉണ്ടായത്. മനുഷ്യനിർമിതമായ ദുരന്തം മൂലമുണ്ടായ നഷ്ടം ഇനി ആരു നികത്തുമെന്ന ചോദ്യത്തിനു മുന്നിൽ അധികൃതരും ഒളിച്ചുകളിക്കുന്നു.

വെള്ളം കയറിയ സ്ഥലങ്ങളിൽ അവശേഷിച്ച വാഴത്തൈകളെ പരിശോധിക്കുന്ന കർഷകർ.

മഴക്കാലം ഏതാണ്ട് പിന്മാറി ചൂടും മഞ്ഞുമുള്ള കാലാവസ്ഥയിലേക്ക് കടക്കുമ്പോൾ ഇതുവരെയുണ്ടാകാത്തവിധം പുഴ നിറഞ്ഞുകവിയാനിടയായതിനു കാരണം, രണ്ടിടങ്ങളിൽ പാലങ്ങൾ നിർമിക്കാനായി പുഴയിൽ മണ്ണിട്ട് ഒഴുക്ക് തടഞ്ഞതാണ്

വാഴക്കൃഷിക്ക് നാശമുണ്ടായ പ്രദേശങ്ങൾ കളക്ടർ കെ. ഇമ്പശേഖർ സന്ദർശിക്കുന്നു. വെള്ളം കയറിയ പ്രദേശങ്ങളിലെ വാഴത്തൈകളെ സംരക്ഷിക്കാൻ കർഷകർ മണ്ണിട്ടുയർത്തിയിരിക്കുന്നതും കാണാം.

നേതാക്കളും കളക്ടറും പ്രദേശങ്ങൾ സന്ദർശിച്ചു

കാഞ്ഞങ്ങാട്: നീലേശ്വരം പുഴയിലെ പാലം പണി മൂലം വെള്ളം കയറി വാഴക്കൃഷി നശിച്ച അരയി, കാർത്തികവയൽ പ്രദേശങ്ങൾ ഇ. ചന്ദ്രശേഖരൻ എംഎൽഎ, ഡിസിസി പ്രസിഡന്റ് പി.കെ. ഫൈസൽ, സിപിഎം ജില്ലാ സെക്രട്ടറി എം.വി. ബാലകൃഷ്ണൻ എന്നിവർ സന്ദർശിച്ചു. ദേശീയപാത കരാറുകാരായ മേഘ ഇൻഫ്രാസ്ട്രക്ചർ അധികൃതരുമായി ബന്ധപ്പെട്ട് കൂടുതൽ ഭാഗങ്ങളിൽ ബണ്ട് തുറന്നുവിട്ടുകൊണ്ട് പുഴയുടെ സ്വാഭാവികമായ ഒഴുക്ക് പുനസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് നേതാക്കൾ അറിയിച്ചു.

● വാഴക്കൃഷിക്ക് നാശമുണ്ടായ കാഞ്ഞങ്ങാട് നഗരസഭയിലെ അരയി പ്രദേശം ജില്ലാ കളക്ടർ കെ. ഇമ്പശേഖർ സന്ദർശിച്ചു. കൃഷിനാശത്തെ സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ ഒപ്പമുണ്ടായിരുന്ന പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ പി. രാഘവേന്ദ്രയ്ക്ക് കളക്ടർ നിർദേശം നൽകി. അരയി, വെള്ളരിക്കണ്ടം, കോടാളി, വിരിപ്പുവയൽ, ചിറക്കാൽ, കാർത്തികവയൽ, പനങ്കാവ് തുടങ്ങിയ പ്രദേശങ്ങളിലെ കൃഷിയിടങ്ങളിലാണ് വെള്ളം കയറിയത്.

നഗരസഭാധ്യക്ഷ കെ.വി. സുജാത, സ്ഥിരം സമിതി അധ്യക്ഷരായ കെ.വി. സരസ്വതി, കെ. ലത, കൗൺസിലർ കെ.വി. മായാകുമാരി, കർഷക പ്രതിനിധി പി.പി. രാജു അരയി എന്നിവർ കളക്ടറോട് കാര്യങ്ങൾ വിശദീകരിച്ചു. കൃഷി ഡപ്യൂട്ടി ഡയറക്ടർ സ്മിത നന്ദിനി, ഫീൽഡ് അസിസ്റ്റന്റ് കെ. മുരളീധരൻ, കാഞ്ഞങ്ങാട് വില്ലേജ് ഓഫീസർ കെ. രാജൻ എന്നിവരും സംബന്ധിച്ചു.

വൈഎംസിഎ പ്രാർഥനാവാരാചരണം സമാപിച്ചു

കാലിച്ചാനടുക്കം: വൈഎംസിഎ അഖിലലോക പ്രാർഥനാവാരാചരണത്തിന്റെ ഭാഗമായി 10 മുതൽ 16 വരെ നടന്ന ജില്ലാതല പരിപാടികൾ കാലിച്ചാനടുക്കത്ത് സമാപിച്ചു.

സെന്റ് ജോസഫ്സ് പാരിഷ് ഹാളിൽ നടന്ന സമാപന ചടങ്ങ് വൈഎംസിഎ സൗത്ത്-വെസ്റ്റ് ഇന്ത്യാ റീജൺ വൈസ് ചെയർമാൻ മാനുവൽ കുറിച്ചിത്താനം ഉദ്ഘാടനം ചെയ്തു.

ജില്ലാ വൈസ് ചെയർമാൻ അജീസ് പറയിടം അധ്യക്ഷത വഹിച്ചു. കാലിച്ചാനടുക്കം സെന്റ് ജോസഫ്സ് പള്ളി വികാരി ഫാ. സുനീഷ് പുതുക്കുളങ്ങര അനുഗ്രഹപ്രഭാഷണം നടത്തി.

കാലിച്ചാനടുക്കം വിൻസെൻഷ്യൽ ആശ്രമം സുപ്പീരിയർ ഡോ. ജോസ് പനച്ചിമൂട്ടിൽ പ്രാർഥനാവാരാചരണ സന്ദേശം നൽകി.

വൈഎംസിഎ പ്രാർഥനാവാരാചരണത്തിന്റെ ഭാഗമായുള്ള ജില്ലാതല പരിപാടികളുടെ സമാപനം സൗത്ത്-വെസ്റ്റ് ഇന്ത്യാ റീജൺ വൈസ് ചെയർമാൻ മാനുവൽ കുറിച്ചിത്താനം ഉദ്ഘാടനം ചെയ്യുന്നു.

ജില്ലാ ജനറൽ കൺവീനർ സി.എം. ബൈജു, ഉഡുപ്പി നാഷണൽ പ്രോജക്ട് വൈസ് ചെയർമാൻ ടോംസൺ ടോം, മിഷൻ ആന്റ് ഡവലപ്മെന്റ് സ്റ്റാൻഡിംഗ് കമ്മറ്റി കൺവീനർ പി.സി. ബേബി, വനിതാഫോറം ജില്ലാ വൈസ് ചെയർപേഴ്സൺ സിസിലി പുത്തൻപുര, കാലിച്ചാനടുക്കം വൈഎംസിഎ പ്രസിഡന്റ് ബേബി മാടപ്പള്ളി, സെക്രട്ടറി സിബി മലയാറ്റിൽ, ലിസി പുളിക്കൽ, ബിജു മാത്യു പാണ്ടിച്ചേരിൽ എന്നിവർ പ്രസംഗിച്ചു.

ഉപജില്ലാ കലോത്സവത്തിൽ ദുർഗയും ഹൊസ്ദുർഗും മുന്നിൽ

രാജപുരം: ഹൊസ്ദുർഗ് ഉപജില്ലാ സ്കൂൾ കലോത്സവത്തിന്റെ സ്റ്റേജിനങ്ങളുടെ ആദ്യദിനത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ 80 പോയിന്റുമായി കാഞ്ഞങ്ങാട് ദുർഗ എച്ച്എസ്എസും ഹയർ സെക്കൻഡറി വിഭാഗത്തിൽ 102 പോയിന്റുമായി ജിഎച്ച്എസ്എസ് ഹൊസ്ദുർഗും മുന്നിൽ.

യുപി വിഭാഗത്തിൽ 21 പോയിന്റുമായി നീലേശ്വരം എൻകെബിഎം എയുപിഎസും എൽപി വിഭാഗത്തിൽ 38 പോയിന്റുമായി എഎൽപിഎസ് പാലായിയുമാണ് മുന്നിൽ. മാലക്കല്ല് സെന്റ് മേരീസ് എയുപി സ്കൂൾ, കള്ളാർ എഎൽപി സ്കൂൾ എന്നിവിടങ്ങളിലായി വച്ച് നടക്കുന്ന കലോത്സവത്തിന് എഇഒ മിനി ജോസഫ് പതാക ഉയർത്തി.

ഹൊസ്ദുർഗ് ഉപജില്ലാ സ്കൂൾ കലോത്സവത്തിന് എഇഒ മിനി ജോസഫ് പതാക ഉയർത്തുന്നു.

സംസ്ഥാന സ്പെഷൽ സ്കൂൾ പ്രവൃത്തി പരിചയ മേളയിൽ മാർത്തോമ്മ ബധിരവിദ്യാലയത്തിന് മികച്ച നേട്ടം

കാസർഗോഡ്: ആലപ്പുഴയിൽ വച്ചു നടന്ന 26-ാമത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ പ്രവൃത്തി പരിചയ മേളയിൽ മികച്ച നേട്ടവുമായി ചെർക്കള മാർത്തോമ്മ ബധിരവിദ്യാലയം. 15 ഇനങ്ങളിലായി മത്സരിച്ച മുഴുവൻ കുട്ടികൾക്കും എ ഗ്രേഡ് ലഭിച്ചു. യുപി വിഭാഗം ബീഡ്സ് വർക്കിൽ പി. ശ്രേയ മൂന്നാംസ്ഥാനം നേടി.

ഹയർ സെക്കൻഡറി വിഭാഗം വെജിറ്റബിൾ പ്രിന്റിംഗിൽ മുഹമ്മദ് നിയാസ്, എംബ്രോയിഡറിയിൽ ഹിസ ഫാത്തിമ, ഹൈസ്കൂൾ വിഭാഗം മെറ്റൽ എൻഗ്രേവിംഗിൽ എ. ജീവൻ, അഗർബത്തി മേക്കിംഗിൽ കെ.കെ. കിഷൻരാജ്, കോയർ ഡോർമാറ്റ്സിൽ കെ.കെ. കീർത്തൻ രാജ്, എംബ്രോയിഡറിയിൽ വർഷിത, ഗാർമെന്റ് മേക്കിംഗിൽ ടി.എ. ഫാത്തിമ, പേപ്പർ ക്രാഫ്റ്റിൽ അയാന ഫാത്തിമ, വെജിറ്റബിൾ പ്രിന്റിംഗിൽ എ.കെ. ധന്യശ്രീ, ബീഡ്സ് വർക്കിൽ ഫാത്തിമത്ത് റിഹ, യുപി വിഭാഗം ക്ലേ മോഡലിംഗിൽ കെ. പൃഥ്വി, എംബ്രോയിഡറിയിൽ സൈനബ, കോയർ ഡോർമാറ്റ്സിൽ നിഷാന്ത്, അഗർബത്തി മേക്കിംഗിൽ ഹസൈനാർ എന്നിവരാണ് എ ഗ്രേഡ് നേടിയത്.

അധ്യാപകരായ കെ.ടി. ജോഷിമോൻ, ടി. ബെൻസി, സി. ബിജുമോൻ, സിബി സി. കുഞ്ഞപ്പൻ, കെ. ഗീത, സുപർണ, പിടിഎ പ്രസിഡന്റ് ആർ. ഭാസ്കരൻ എന്നിവരുടെ നേതൃത്വത്തിലാണ് ടീം ആലപ്പുഴയിലെത്തിയത്.

സംസ്ഥാന സ്പെഷൽ സ്കൂൾ പ്രവൃത്തി പരിചയ മേളയിൽ മികച്ച നേട്ടം കരസ്ഥമാക്കിയ ചെർക്കള മാർത്തോമ്മ ബധിരവിദ്യാലയം ടീം.

ഓർമിക്കാൻ/ അറിയിപ്പുകൾ

ഗതാഗതം നിരോധിച്ചു

കാലിച്ചാനടുക്കം: ആനപ്പെട്ടി പാലത്തിന്റെ പുനർനിർമാണം നടക്കുന്നതിനാൽ ഇന്നു മുതൽ ഇതുവഴിയുള്ള ഗതാഗതം നിരോധിച്ചു. ഇതുവഴിപോകേണ്ട വാഹനങ്ങൾ ബാനം-കോട്ടപ്പാറ-തായ-ആനപ്പെട്ടി-കാലിച്ചാനടുക്കം റോഡുകൾ ഉപയോഗിക്കണമെന്ന് കെആർഎഫ്ബി-പിഎംയു ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ചു.

നിധി ആപ്കെ നികട് പരാതി പരിഹാര സമ്പർക്ക പരിപാടി 27ന്

കാസർഗോഡ്: എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനും സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപറേഷനും സംയുക്തമായി നടത്തുന്ന നിധി ആപ്കെ നികട് ഗുണഭോക്താക്കൾക്കായുള്ള പ്രതിമാസ പരാതിപരിഹാര സമ്പർക്ക പരിപാടി 27ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ കളക്ടറേറ്റ് മെയിൻ കോൺഫറൻസ് ഹാളിൽ നടത്തും.

റീൽസ് മത്സരം

കാസർഗോഡ്: ജില്ലാ ശിശു സംരക്ഷണയൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ഹയർ സെക്കൻഡറി കുട്ടികൾക്കായി റീൽസ് മത്സരം സംഘടിപ്പിക്കുന്നു. കുട്ടികൾക്കെതിരായ ലൈംഗിക, മാനസിക, ശാരീരിക, വൈകാരിക അതിക്രമങ്ങൾ എങ്ങനെ തടയാം എന്ന കാര്യത്തിൽ കുട്ടികളുടെ വീക്ഷണം എന്നതാണ് വിഷയം. മൊബൈൽ ഫോൺ ഉപയോഗിച്ച് ചിത്രീകരിച്ച പരമാവധി മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള റീലുകൾ മത്സരത്തിനയക്കാം. പശ്ചാത്തല സംഗീതം ആകാം. കംപ്യൂട്ടർ ഉപയോഗിച്ച് ഗ്രാഫിക്സ് പോലുള്ള മറ്റ് എഡിറ്റിംഗ് വർക്കുകൾ ചെയ്യാൻ പാടില്ല. കുട്ടിയുടെ പേര്, വിലാസം, ഫോൺ നമ്പർ, സ്കൂളിന്റെ പേര്, ക്ലാസ് എന്നീ വിവരങ്ങൾ ഉൾപ്പെടെ റീലുകൾ dcpksd5@gmail.com എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യണം. അവസാനതീയതി 21. ഫോൺ: 04994 256990.

വനിതാ കമ്മീഷൻ മെഗാ അദാലത്ത് 25ന്

കാസർഗോഡ്: വനിതാ കമ്മീഷൻ മെഗാ അദാലത്ത് 25ന് രാവിലെ 10 മുതൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തും.

മാർക്കറ്റ്

കാസർഗോഡ്

അടയ്ക്ക	30000-41000

കാഞ്ഞങ്ങാട്

റബർ (ഗ്രേഡ്)	17800
റബർ (ലോട്ട്)	15500
ഒട്ടുപാൽ	9500
അടയ്ക്ക	35000-41000
കുരുമുളക്	60000
കൊപ്ര	12500-13000

വെള്ളരിക്കുണ്ട്

റബർ (ഗ്രേഡ്)	18100
റബർ (ലോട്ട്)	16700
ഒട്ടുപാൽ	11000
അടയ്ക്ക	36000-41000
കുരുമുളക്	60000
തേങ്ങ	5000-5100

ചെറുപുഴ

റബർ ഗ്രേഡ്	18100
റബർ ലോട്ട്	16500
ഒട്ടുപാൽ	10500
അടയ്ക്ക	40500
കുരുമുളക്	58000
തേങ്ങ	5100
കൊപ്ര	9500

പുളിങ്ങോം

റബർ ഗ്രേഡ്	18100
റബർ ലോട്ട്	15500
ഒട്ടുപാൽ	11000
അടയ്ക്ക	39000
കുരുമുളക്	59000
തേങ്ങ	4800
കൊപ്ര	9800

ഇന്നത്തെ സിനിമ

കാസർഗോഡ്

മൂവിമാക്സ് സർക്കിൾ

ആനന്ദ് ശ്രീബാല (10.30, 4.30, 7.30, 10.30) കങ്കുവ (തമിഴ്, 10.30, 1.30, 4.30) ലക്കി ഭാസ്കർ (10.30, 4.30, 7.30) അമരൻ (തമിഴ്, 1.30, 7.30, 10.30) മുറ (1.30, 10.30)

മെഹബൂബ് കോംപ്ലക്സ്

ആനന്ദ് ശ്രീബാല (10.30, 1.30, 4.30, 7.30) ലക്കി ഭാസ്കർ (10.30, 1.30, 7.30, 10.30) അമരൻ (തമിഴ്, 1.30, 4.15, 7.30) കങ്കുവ (തമിഴ്, 1.30, 4.30, 7.30) പണി (10.30, 4.30) എആർഎം (10.30)

കർമംതൊടി

കാവേരി സിനിമാസ്

കങ്കുവ (തമിഴ്, 10.30, 1.30, 4.30 7.30, 10.30) ലക്കി ഭാസ്കർ (1.30, 4.30 7.30) ഐ ആം കാതലൻ (10.30) പണി (10.30)

കാഞ്ഞങ്ങാട്

വിജിഎം മൾട്ടിപ്ലക്സ്

ആനന്ദ് ശ്രീബാല (10.30, 2.30, 5.30, 8.15) കങ്കുവ (തമിഴ്, 10.30, 2.30, 5.30) അമരൻ (തമിഴ്, 2.30, 5.30, 8.30) ഗ്ലാഡിയേറ്റർ-2 (ഇംഗ്ലീഷ്, 10.30) പണി (8.15)

വിനായക കോംപ്ലക്സ്

ലക്കി ഭാസ്കർ (10.30, 2.30, 5.30, 8.15)

ദീപ്തി സിനിമാസ്

കങ്കുവ (തമിഴ്, 10.30, 2.30, 5.30, 8.15) മുറ (12.30, 5.30, 8.00) ഐ ആം കാതലൻ (10.30, 2.45) ലക്കി ഭാസ്കർ (2.30, 8.00) പണി (10.45) സ്വർഗം (5.30)

ചെറുവത്തൂർ

പാക്കനാർ സിനിമാസ്

കങ്കുവ (തമിഴ്, 10.45, 1.45, 4.45, 7.30)

വ്യാജ പരാതി മൂലം യുവാവിന്റെ ആത്മഹത്യ: യുവതിയുടെ ജാമ്യാപേക്ഷ തള്ളി

കാഞ്ഞങ്ങാട്: വ്യാജ പരാതി മൂലം യുവാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ അറസ്റ്റിലായ യുവതിയുടെ ജാമ്യാപേക്ഷ ഹൊസ്ദുർഗ് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി തള്ളി.

മത്സ്യക്കച്ചവടക്കാരൻ ചെറുവത്തൂർ കാവുംചിറയിലെ കെ. വി. പ്രകാശന്റെ മരണവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ മത്സ്യവില്പന തൊഴിലാളി മടിവയലിലെ സി. ഷീബയുടെ (37) ജാമ്യാപേക്ഷയാണ് തള്ളിയത്.

യുവതി 10 ദിവസമായി റിമാൻഡിലാണ്. മീൻ വാങ്ങിയ വകയിൽ ഷീബ പ്രകാശന് നല്കാനുണ്ടായിരുന്ന പണം ചോദിച്ചതിന്റെ വൈരാഗ്യത്തിൽ പോലീസിൽ വ്യാജ പരാതി നല്കുകയും പിന്നീട് അത് പിൻവലിക്കുന്നതിനായി രണ്ടുലക്ഷം രൂപ ആവശ്യപ്പെടുകയും ചെയ്തതായാണ് കേസ്.

ഈ കാര്യങ്ങൾ എഴുതിവച്ച ശേഷം പ്രകാശൻ ആത്മഹത്യ ചെയ്യുകയായിരുന്നു.

റേഷൻ വ്യാപാരികൾ ഇന്ന് കടയടച്ച് സമരം നടത്തും

കാസർഗോഡ്: വിവിധ ആവശ്യങ്ങളുന്നയിച്ച് റേഷൻ വ്യാപാരികൾ സംസ്ഥാന വ്യാപകമായി നടത്തുന്ന സമരത്തിന്റെ ഭാഗമായി ഇന്ന് ജില്ലയിലും കടകളടച്ച് സമരം നടത്തും. റേഷൻ വ്യാപാരികളോട് ഗവൺമെന്റ് കാട്ടുന്ന കടുത്ത അവഗണനയിലും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ കമ്മീഷൻ നൽകാത്തതിലും പ്രതിഷേധിച്ചും വാതിൽപടി വിതരണം കൃത്യമായി നടത്തുക, വേതന പാക്കേജ് പരിഷ്കരണം പുനപരിശോധിക്കുക, ക്ഷേമനിധി കാര്യക്ഷമമാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുമാണ് സമരം. താലൂക്ക് ആസ്ഥാനങ്ങളിൽ ധർണയും നടത്തും

മൂകാംബികയിലേക്കും വയനാട്ടിലേക്കും കെഎസ്ആർടിസി യാത്ര

പയ്യന്നൂർ: കെഎസ്ആർടിസി പയ്യന്നൂർ ഡിപ്പോയിൽ നിന്ന് കൊല്ലൂർ മൂകാംബികയിലേക്കും വയനാട്ടിലേക്കും ബജറ്റ് ടൂറിസം യാത്രകൾ സംഘടിപ്പിക്കുന്നു.

23ന് രാത്രി പുറപ്പെട്ട് 24ന് രാത്രി തിരിച്ചെത്തുന്ന രീതിയിലാണ് മൂകാംബിക യാത്ര ക്രമീകരിച്ചിരിക്കുന്നത്.

കൊല്ലൂർ മൂകാംബിക ക്ഷേത്രം, കുടജാദ്രി, ഉഡുപ്പി ശ്രീകൃഷ്ണ ക്ഷേത്രം എന്നീ തീർഥാടന കേന്ദ്രങ്ങളാണ് യാത്രയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരാൾക്ക് 1230 രൂപയാണ് യാത്രച്ചെലവ്.

24 നാണ് ഏകദിന വയനാട് ടൂർ സംഘടിപ്പിക്കുന്നത്. എൻ ഊർ, ബാണാസുരസാഗർ ഡാം, കർലാട് തടാകം, ഹണി മ്യൂസിയം എന്നീ സ്ഥലങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരാൾക്ക് 760 രൂപയാണ് യാത്രച്ചെലവ്. ഫോൺ: 97455 34123, 80758 23384.

കേരള കേന്ദ്ര സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ആയമ്പാറ കാലിയടുക്കം കമ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ്.

ലോറിയിൽ കൊണ്ടുപോയ ഹിറ്റാച്ചി റോഡിലേക്ക് വീണ് ഒരാൾക്കു പരിക്ക്

പരപ്പ: ലോറിയിൽ കൊണ്ടുപോകുകയായിരുന്ന ഹിറ്റാച്ചി റോഡിലേക്ക് മറിഞ്ഞുവീണു. ഹിറ്റാച്ചിക്ക് മുകളിലിരുന്ന യുവാവിന് ഗുരുതരമായി പരിക്കേറ്റു. നീലേശ്വരം സ്വദേശി പ്രദീപിനാണ് (40) തലയ്ക്ക് പരിക്കേറ്റത്. പരപ്പ മുണ്ടാത്തടം റോഡ് ജംഗ്ഷനിൽ ഇന്നലെ ഉച്ചയോടെയായിരുന്നു അപകടം. കൂടുതൽ വാഹനങ്ങളോ ആളുകളോ റോഡിലില്ലാതിരുന്നതിനാൽ വലിയ അപകടം ഒഴിവായി. അപകടത്തെ തുടർന്ന് ഗതാഗതം തടസപ്പെട്ടു.

പരപ്പ മുണ്ടാത്തടം റോഡ് ജംഗ്ഷനിൽ ലോറിയിൽ കൊണ്ടുപോകുകയായിരുന്ന ഹിറ്റാച്ചി റോഡിലേക്ക് മറിഞ്ഞുവീണ നിലയിൽ.

മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

പെരിയ: ബിർസ മുണ്ഡ ജന്മദിനാഘോഷങ്ങളുടെ ഭാഗമായി കേരള കേന്ദ്ര സർവകലാശാലയിലെ ആരവല